"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. ഡി (6)/72301/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 01/03/2018

## സർക്കുലർ

**വിഷയം** : പൊതു വിദ്യാഭ്യാസം – ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി (ലോവർ) 2018 – ജൂനിയർ സൂപ്രണ്ട്/നൂൺമീൽ ഓഫീസർ – കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച് –

**സൂചന** : 1) 29-01-2018 ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി (ലോവർ) യുടെ തീരുമാനം.
2) 11-10-2017 ലെ ഡി6/72300/2017/ഡി.പി.ഐ നമ്പർ സർക്കുലർ.

******

സൂചന (1) പ്രകാരം സീനിയർ സൂപ്രണ്ട്/നൂൺ ഫീഡിംഗ് സൂപ്പർവൈസർ സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി ജൂനിയർ സൂപ്രണ്ട്/നൂൺ മീൽ ഓഫീസർ തസ്തികയിലുള്ളവരുടെ മുൻ മൂന്ന് വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി 25-10-2016 ലെ എസ്.വൈ (1)/60807/2016/ഡി.പി.ഐ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 2015 കാലയളവിലെ ജൂനിയർ സൂപ്രണ്ട്/നൂൺ മീൽ ഓഫീസർ സീനിയോറിറ്റി ലിസ്റ്റിൽ റാങ്ക് 120 വരെയുള്ള വരുടെയും അതോടൊപ്പം മുൻകാല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് ഇതുവരെയും സ്ഥാനക്കയറ്റം ലഭിക്കാത്തവരുടെയും 01-01-2015 മുതൽ 31-12-2017 വരെയുള്ള മൂന്ന് വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സ്വയം വിലയിരുത്തൽ റിപ്പോർട്ട് സഹിതം 20-03-2018 ന് മുൻപായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖാന്തിരം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. ടി കാലയളവിൽ ഇതിനോടകം സമർപ്പിച്ച കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സൂചന (2) ലെ പൊതു നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കാവുന്നതാണ്.

ഡി ലീന ലിറ്റി,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
(വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ സർക്കുലർ ജില്ലയിലെ എല്ലാ ജൂനിയർ സൂപ്രണ്ട്/നൂൺ മീൽ ഓഫീസർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും സർക്കുലറിന് അനുസൃതമായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 20-03-2018 ന് മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പ്രത്യേക ദൂതൻ മുഖേന സമർപ്പിക്കേണ്ടതുമാണ് ഇതിൽ വീഴ്ച വരുത്തുന്ന വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.)

(മറുപുറം)

പകർപ്പ് :

1) എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.
2) ജോയിന്റ് കമ്മീഷണൽ, പരീക്ഷാഭവൻ, പുജപ്പുര, തിരുവനന്തപുരം.
3) ടെക്സ്റ്റ് ബുക്ക് ഓഫീസർ, പത്മവിലാസ ഫോർട്ട് തിരുവനന്തപുരം.
4) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, നന്ദാവനം, തിരുവനന്തപുരം.
5) കരുതൽ ഫയൽ.

സി.എ : - വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (ജനറൽ/അക്കാദമിക്) ജോയിന്റ് ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീൽസർ, സീനിയർ ലാ ഓഫീസർ, എല്ലാ ഓഫീസർമാർക്കും സൂപ്രണ്ടുമാർക്കും അറിവിലേക്കായി.

എ.സി-

AD DE
DEO